# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 194 | | 28/10/2019 ൽ മറുപടിക്ക് | |
|---|---|---|---|
| **പട്ടാമ്പി-പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്** | | | |
| ചോദ്യം | | മറുപടി | |
| ശ്രീ. മുഹമ്മദ് മുഹസിൻ. പി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി-പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസെടുത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ; റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ രാഷ്ട്രീയ പാർട്ടികളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ തീയതി സഹിതം വ്യക്തമാക്കാമോ; | (എ) | പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി - പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. സെയ്തലവി, മെനങ്ങൾ ഹൗസ്, ചെമ്മലശ്ശേരി. പി. ഒ, പുലമന്തോൾ, മലപ്പുറം എന്നയാളുടെ 09/06/2014 ലെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ (എസ്.സി 68/14/എം.പി.എം) കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് വി.സി 25/15/പി.കെ.ഡി നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കൂടാതെ ശ്രീ. മുഹമ്മദ് മുഹസിൻ, MLA, പട്ടാമ്പി റോഡിന്റെ പുനർനിർമ്മാണത്തിന് തടസ്സമുണ്ടാകാതെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് 01/09/2017 തീയതിയിലെ കത്ത് മുഖാന്തരം അറിയിച്ചിരുന്നു. |
| (ബി) | ഈ കേസന്വേഷണത്തിൽ വിജിലൻസ് ആരൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ടി കേസുമായി ബന്ധപ്പെട്ട കുറ്റാരോപിതരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീ. പി. ഉണ്ണികൃഷ്ണൻ (റിട്ട. 30/11/2015), അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സബ് ഡിവിഷൻ, ഷൊർണ്ണൂർ<br>2. ശ്രീ. ഇ. എം. വാസുദേവൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ<br>3. ശ്രീ. എം. വിജയകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് സെൻട്രൽ സർക്കിൾ, തൃശ്ശൂർ<br>4. ശ്രീ. ടി. എം. രാഘവൻ, മുൻ തേർഡ് ഗ്രേഡ് ഓവർസിയർ, പി.ഡബ്ല്യൂ.ഡി റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ<br>5. ശ്രീ. അബ്ദുൾ റഹിമാൻ, S/o മുഹമ്മദ്, കുഡ്രോളി മൻസിൽ, ചേർക്കല. പി. ഒ, തെങ്കാല, കാസർഗോഡ്<br>മേൽ സൂചിപ്പിച്ചിരിക്കുന്നവർക്കെതിരെ വിചാരണ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസ് ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ